കരാർ, ദിവസക്കൂലി അടിസ്ഥാനത്തിലുള്ള നിയമനം

24 [24] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രീതിയിൽ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയവയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഡി. എ. കുടിശ്ശിക

25 [25] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വരുന്ന സമയത്ത് ഗവൺമെന്റ് ജീവനക്കാർക്ക് എത്ര ഗഡു ഡി. എ. കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം കേന്ദ്ര ഗവൺമെന്റ് എത്ര ഗഡു ഡി. എ. പ്രഖ്യാപിച്ചു;

(സി) ഈ ഗവൺമെന്റ് ഇതുവരെ എത്ര ഗഡു ഡി. എ. നൽകുന്നതിന് ഉത്തരവ് നൽകി;

(ഡി) പ്രതിവർഷം ഇതിനു വേണ്ടി വരുന്ന അധിക ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 ഗഡു.

(ബി) 5 ഗഡു.

(സി) 6 ഗഡു.

(ഡി) 550.8 കോടി രൂപ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ടു ചെയ്ത വേക്കൻസികൾ

26 [26] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നിന്നും എത്ര വേക്കൻസികൾ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്തു;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് എത്രപേരെ പി. എസ്. സി. ഇതുവരെയായി അഡ്വൈസ് ചെയ്തു; എത്രപേർക്ക് ഇനിയും അഡ്വൈസ് അയയ്ക്കാനുണ്ട്;

(സി) പി. എസ്. സി. അഡ്വൈസ് ചെയ്ത എത്രപേർക്ക് ഇതിനകം നിയമനം നൽകി; ഇനി എത്രപേർക്ക് നിയമനം നൽകാനുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് റിപ്പോർട്ട് ചെയ്ത എത്ര വേക്കൻസികളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗാർത്ഥികളെ പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര വേക്കൻസികളിൻ മേൽ ഇനിയും അഡ്വൈസ് അയയ്ക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. വഴി നിയമനം ലഭിച്ചവർ

27 [27] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പി. എസ്. സി. വഴി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly